# കേരളസർവകലാശാല

നം.പി.ആർ.263/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തിയ ഒന്നും രണ്ടും വർഷ എം.എസ്‌സി. ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് (എം.എസ്‌സി.സി.എൻ.ഡി.) (എസ്.ഡി.ഇ. – 2017 അഡ്മിഷന് മുൻപ്), മാർച്ച് 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 24 വരെ നേരിട്ട് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 നവംബർ 29, 30 തീയതികളിൽ നടത്താൻ തീരുമാനിച്ചിരുന്ന രണ്ടാം സെമസ്റ്റർ ബി.എസ്‌സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി കോഴ്സിന്റെ (കോർ ബയോകെമിസ്ട്രി), സെപ്റ്റംബർ 2022 പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 15 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. സുവോളജി പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 19 മുതൽ 22 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ./എം.എ.എച്ച്.ആർ.എം. (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019, 2020 അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെയുള്ള രജിസ്ട്രേഷൻ ഡിസംബർ 14 വരെ നീട്ടിയിരിക്കുന്നു. 150 രൂപ പിഴയോടെ ഡിസംബർ 17 വരെയും 400 രൂപ പിഴയോടെ ഡിസംബർ 20 വരെയും അപേക്ഷിക്കാം. 2021 അഡ്മിഷൻ (റെഗുലർ) അപേക്ഷകർ www.slcm.keralauniveristy.ac.in എന്ന പോർട്ടൽ മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2019 – 2020 അഡ്മിഷൻ അപേക്ഷകർ www.exams.keralauniveristy.ac.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
12.12.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

E-mail: For queries helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**